**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ**

**അഡീഷണൽ ഡയറക്ടർ(എ&റ്റി)-യുടെ നടപടിക്രമം**

വിഷയം:- ശ്രീമതി.സുപ്രിയ.സി.കെ-യുടെ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയോരിറ്റി സ്ഥാനം പുന:ക്രമീകരിച്ച് പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഉത്തരവ്.

പരാമർശം:-
1. ഉത്തരവ് നം.ഇ.എസ്3-1041/2022/ആ.വ.ഡ,തീയതി: 25/05/2023
2. കത്ത് നം.DMOH-MLPM/2810/2023-A5, തീയതി: 05/10/2023
3. ഉത്തരവ് നം.ഇ.എസ്3-1041/2022/ആ.വ.ഡ,തീയതി: 21/06/2024
4. നോട്ടീസ് നം.ഇ.എസ്3-4777/2024/ആ.വ.ഡ,തീയതി: 04/07/2024

**ഉത്തരവ് നം : ഇ.എസ്3-4777/2024/ആ.വ.ഡ, തീയതി : 12-07-2024**

പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ ജീവനക്കാരിയായ ശ്രീമതി.സുപ്രിയ.സി.കെ അഡ്വൈസ് നം.MRI(I)291/99/KPSC MLPM DTD.27/02/2003 പ്രകാരം 26/05/2003-ൽ മലപ്പുറം ജോലിയിൽ പ്രവേശിച്ചു.ഉത്തരവ് നം.A5-8424/03/(B) DTD.03/02/2006 പ്രകാരം 27/05/05 പ്രാബല്യത്തീയതിയായി ടിയാരി പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.വിദേശത്ത് ജോലി ചെയ്യുന്നതിനായി ടിയാരി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും തിരികെ ജോലിയിൽ പ്രവേശിച്ച തീയതിയായ 26/04/2017 പരിഗണിച്ച് ടിയാരിയ്ക്ക് പരാമർശം 1 പ്രകാരമുള്ള നഴ്സിംഗ് ഓഫീസർ തസ്തകയിലെ സീനിയോരിറ്റി പട്ടികയിൽ 2106-ാം സ്ഥാനത്ത് ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.പരാമർശം 2 പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ നിന്നും ടിയാരി പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചതിനുശേഷമാണ് ശൂന്യവേതനാവധിയിൽ പ്രവേശിച്ചതെന്ന് വ്യക്തമായിട്ടുണ്ട്.ആയതിനാൽ ശ്രീമതി.സുപ്രിയ സി.കെ-യുടെ അഡ്വൈസ് തീയതി പരിഗണിച്ച് പരാമർശം 1 പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ **6 A** സ്ഥാനത്ത് ഉൾപ്പെടുത്താവുന്നതാണ്.

പരാമർശം 3 പ്രകാരം ശ്രീമതി.ശ്രീജാദിവാകരൻ.വി-യെ 6A സ്ഥാനത്ത് ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ടി സ്ഥാനം **6B** ആയി തിരുത്തിയും ശ്രീമതി.സുപ്രിയ.സി.കെ-യെ **6A** സ്ഥാനത്ത് താത്ക്കാലികമായി ഉൾപ്പെടുത്തിയും പരാമർശം 4 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.ആയതിന്റെ വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| SL.NO | PEN | NAME | EXISTING RANK NO.IN THE SENIORITY LIST OF NURSING OFFICER | PROPOSED RANK NO. IN THE SENIORITY LIST OF NURSING OFFICERS | DATE RECKONED FOR SENIORITY | REMARKS |
|---|---|---|---|---|---|---|
| 1 | 942824 | SIJIMOL.P.V | 6 | ---- | 17/02/2003 | DIII(3) 388-97 KPSC KKD DTD 17.02.2003 |
| **2** | **806361** | **SUPRIYA.C.K** | **2106** | **6A** | **27/02/2003** | **MRI(1)291-99-KPSC MALAPPURAM DTD.27.02.2003** |
| **3** | **340470** | **SREEJA DIVAKARAN.V** | **6A** | **6B** | **27/02/2003** | **MR1(1)291/99 KPSC MLP DTD.27/02/2003** |
| 4 | 922429 | SHAMNAD.M | 7 | ---- | 04-09-2003 | DTG(2)3383-97 KPSC TVPM DTD.04-09-2003 |

പ്രസ്തുത നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.ആയതിനാൽ പരാമർശം 4-ലെ നോട്ടീസ് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.പരാമർശം 1,3-ലെ ഉത്തരവുകൾ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

Signed by
Jayasree V
Date: 12-07-2024 12:09:06
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

**സ്വീകർത്താവ്**

ബന്ധപ്പെട്ട വ്യക്തികൾക്ക്(ആരോഗ്യവകുപ്പ് വെബ്സൈറ്റ് മുഖേന)

**പകർപ്പ്**

1. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് വെബ്സൈറ്റ് മുഖേന)
2. ഫയൽ/കരുതൽ ഫയൽ